പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 493 **13-10-2026-ൽ മറുപടിയ്ക്ക്**

കൊട്ടാരക്കര ഐ.ടി. പാർക്ക് നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. കെ. എൻ. ബാലഗോപാൽ	ശ്രീ. പി. കെ. കൃഞ്ഞാലിക്കുട്ടി (വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

(എ) കൊട്ടാരക്കരയിൽ ഐ.ടി. പാർക്ക് നിർമ്മാണത്തിനായി എത്ര തുകയുടെ ഭരണാനുമതിയാണ് കഴിഞ്ഞ സർക്കാർ നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി: കിഫ്ബി ധനസഹായത്തോടെ കൊട്ടാരക്കരയിൽ ഐ.ടി. പാർക്ക് നിർമ്മാണത്തിനായി ₹80 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നോയെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ;

മറുപടി: പ്രസ്തുത പദ്ധതി ₹72,27,90,235 രൂപയുടെ എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനമായി 06.11.2025-ന് ടെൻഡർ ചെയ്തു. ആവശ്യമായ തോതിൽ പങ്കാളിത്തം ലഭിക്കാതിരുന്നതിനാൽ ടെൻഡർ സമർപ്പിക്കുന്നതിനുള്ള സമയപരിധി പലതവണ ദീർഘിപ്പിക്കുകയും തുടർന്ന് 08.01.2026-ന് റീ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. റീ-ടെൻഡറിൽ പങ്കെടുത്ത മേരിമാതാ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡും ടെൻഡറിൽ യോഗ്യത നേടുകയുണ്ടായി. നിലവിലുള്ള സർക്കാർ ഉത്തരവ് (കൈ) നമ്പർ 41/2020/PWD തീയതി 19.03.2020 പ്രകാരം ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് അനുവദിച്ചിട്ടുള്ള 10 ശതമാനം പ്രൈസ് പ്രീഫെറൻസ് പരിഗണിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ബിഡ്ഡർ (L1) ആയി നിർണയിച്ചിട്ടുണ്ട്. തുടർന്ന് L1 ബിഡ്ഡറുമായുള്ള നെഗോഷിയേഷന് ശേഷം അവർ ക്വോട്ട് ചെയ്ത തുക ₹75,18,95,277 രൂപയായി കുറച്ചിട്ടുണ്ട്.

നിലവിലെ ചട്ടപ്രകാരം, കോൺട്രാക്ടർ ക്വോട്ട് ചെയ്ത തുക, ലോക്കൽ മാർക്കറ്റ് റേറ്റ് (LMR), ഡി.എസ്.ആർ. (DSR) + 10% എന്നിവയിൽ ഏതാണോ കുറവ്, ആ തുകയ്ക്കാണ് സെലക്ഷൻ നോട്ടീസ് നൽകി വരുന്നത്. എന്നാൽ, ഈ പ്രവൃത്തിയുടെ ലോക്കൽ മാർക്കറ്റ്റേറ്റ് (LMR) തുക ₹71,61,58,955.65 ആണ്; അതായത് ഇത് എസ്റ്റിമേറ്റ് തുകയേക്കാൾ 0.92% കുറവാണ്. തുടർന്ന്, L1 ബിഡ്ഡറോട് തുക കുറയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും, ലോക്കൽ മാർക്കറ്റ് റേറ്റ് (LMR) നിരക്കിലേക്ക് താഴ്ത്താൻ തയ്യാറായില്ല. അതിനാൽ, കരാറുകാരൻ (L1 ബിഡ്ഡർ) നെഗോഷിയേറ്റ് ചെയ്ത തുകയ്ക്ക് (₹75,18,95,277 രൂപ) അംഗീകാരം ലഭ്യമാക്കുന്നതിനായി സമർപ്പിച്ച പ്രൊപോസൽ പരിശോധനയിലാണ്.

L1 ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നെഗോഷ്യേഷനിലൂടെ സമർപ്പിച്ച ₹75,18,95,277 രൂപയുടെ തുക, രണ്ടാമത്തെ ബിഡ്ഡറായ (L2) മേരിമാതാ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് ക്വോട്ട് ചെയ്ത തുകയേക്കാൾ കുറവാണ്. എന്നാൽ, പ്രസ്തുത ടെൻഡർ നടപടികൾക്കെതിരെ മേരിമാതാ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) No.12414/2026 എന്ന റിട്ട് ഹർജി ഫയൽ ചെയ്തിട്ടുണ്ട്. നിലവിലുള്ള സർക്കാർ ചട്ടങ്ങളും വ്യവസ്ഥകളും പൂർണമായും പാലിച്ചാണ് L1 ബിഡ്ഡറെ കണ്ടെത്തിയതും തുടർ ചർച്ചകൾ നടത്തിയതുമെന്ന നിലപാട് കോടതിയെ അറിയിച്ചിട്ടുള്ളതും, ടെൻഡർ നടപടികളുമായി മുന്നോട്ട് പോകുന്നതിനും കരാർ നൽകുന്നതിനും അനുമതി നൽകണമെന്ന ആവശ്യം കോടതിയുടെ പരിഗണനയിലുമാണ്.

(സി) പ്രസ്തുത ഐ.ടി. പാർക്ക് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

<u>മറുപടി:</u> പ്രസ്തുത പദ്ധതി ₹72,27,90,235 രൂപയുടെ എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനമായി 06.11.2025-ന് ടെൻഡർ ചെയ്തു. ആവശ്യമായ തോതിൽ പങ്കാളിത്തം ലഭിക്കാതിരുന്നതിനാൽ ടെൻഡർ സമർപ്പിക്കുന്നതിനുള്ള സമയപരിധി പലതവണ ദീർഘിപ്പിക്കുകയും തുടർന്ന് 08.01.2026-ന് റീ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. റീ-ടെൻഡറിൽ പങ്കെടുത്ത മേരിമാതാ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡും ടെൻഡറിൽ യോഗ്യത നേടുകയുണ്ടായി. നിലവിലുള്ള സർക്കാർ ഉത്തരവ് (കൈ) നമ്പർ 41/2020/PWD തീയതി 19.03.2020 പ്രകാരം ലേബർ കോൺട്രാക്ട് സൊസൈറ്റികൾക്ക് അനുവദിച്ചിട്ടുള്ള 10 ശതമാനം പ്രൈസ് പ്രീഫെറെൻസ് പരിഗണിച്ച് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ബിഡ്ഡർ (L1) ആയി നിർണയിച്ചിട്ടുണ്ട്. തുടർന്ന് L1 ബിഡ്ഡറുമായുള്ള നെഗോഷിയേഷന് ശേഷം അവർ ക്വോട്ട് ചെയ്ത തുക ₹75,18,95,277 രൂപയായി കുറച്ചിട്ടുണ്ട്.

നിലവിലെ ചട്ടപ്രകാരം, കോൺട്രാക്ടർ ക്വോട്ട് ചെയ്ത തുക, ലോക്കൽ മാർക്കറ്റ് റേറ്റ് (LMR), ഡി.എസ്.ആർ. (DSR) + 10% എന്നിവയിൽ ഏതാണോ കുറവ്, ആ തുകയ്ക്കാണ് സെലക്ഷൻ നോട്ടീസ് നൽകി വരുന്നത്. എന്നാൽ, ഈ പ്രവൃത്തിയുടെ ലോക്കൽ മാർക്കറ്റ്റേറ്റ് (LMR) തുക ₹71,61,58,955.65 ആണ്; അതായത് ഇത് എസ്റ്റിമേറ്റ് തുകയേക്കാൾ 0.92% കുറവാണ്. തുടർന്ന്, L1 ബിഡ്ഡറോട് തുക കുറയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും, ലോക്കൽ മാർക്കറ്റ് റേറ്റ് (LMR) നിരക്കിലേക്ക് താഴ്ത്താൻ തയ്യാറായില്ല. അതിനാൽ, കരാറുകാരൻ (L1 ബിഡ്ഡർ) നെഗോഷിയേറ്റ് ചെയ്ത തുകയ്ക്ക് (₹75,18,95,277 രൂപ) അംഗീകാരം ലഭ്യമാക്കുന്നതിനായി സമർപ്പിച്ച പ്രൊപോസൽ പരിശോധനയിലാണ്.

L1 ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നെഗോഷ്യേഷനിലൂടെ സമർപ്പിച്ച ₹75,18,95,277 രൂപയുടെ തുക, രണ്ടാമത്തെ ബിഡ്ഡറായ (L2) മേരിമാതാ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് ക്വോട്ട് ചെയ്ത തുകയേക്കാൾ കുറവാണ്. എന്നാൽ, പ്രസ്തുത ടെൻഡർ നടപടികൾക്കെതിരെ മേരിമാതാ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C) No.12414/2026 എന്ന റിട്ട് ഹർജി ഫയൽ ചെയ്തിട്ടുണ്ട്. നിലവിലുള്ള സർക്കാർ ചട്ടങ്ങളും വ്യവസ്ഥകളും പൂർണമായും പാലിച്ചാണ് L1 ബിഡ്ഡറെ കണ്ടെത്തിയതും തുടർ ചർച്ചകൾ നടത്തിയതുമെന്ന നിലപാട് കോടതിയെ അറിയിച്ചിട്ടുള്ളതും, ടെൻഡർ നടപടികളുമായി മുന്നോട്ട് പോകുന്നതിനും കരാർ നൽകുന്നതിനും അനുമതി നൽകണമെന്ന ആവശ്യം കോടതിയുടെ പരിഗണനയിലുമാണ്.

സെക്ഷൻ ഓഫീസർ